**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2084** **09-02-2023 - ൽ മറുപടിയ്ക്ക്**

**മലയാളം സർവകലാശാലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരൂർ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ; | (എ) | തിരൂർ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് വിജിലൻസ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ബി) | പ്രസ്തുത ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന വിവരം ലഭ്യമാക്കുമോ? | (ബി) | ബഹു. കോഴിക്കോട് വിജിലൻസ് കോടതിയിൽ സമർപ്പിച്ച പരാതിയിൽ, ബഹു. കോടതിയുടെ ഉത്തരവ് പ്രകാരം വിജിലൻസ് ആന്റ് ആന്റീ കറപ്ഷൻ ബ്യൂറോ ഒരു അന്വേഷണം നടത്തി കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിജിലൻസിന് സമർപ്പിച്ച മറ്റൊരു പരാതി ഉന്നത വിദ്യാഭ്യാസം, റവന്യൂ എന്നീ വകുപ്പുകൾക്ക് കൈമാറിയിരുന്നു.<br><br>ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇത് സംബന്ധിച്ച പരാതികൾ നിലവിൽ സർക്കാരിലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ